"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനിയറിംഗ് വിഭാഗം - മലപ്പുറം നിലമ്പൂർ നഗരസഭയിലെ 181/1, 186/1, 186/2 സർവ്വെ നമ്പറുകളിലെ വാണിജ്യകെട്ടിട നിർമ്മാണം - വിജിലൻസ് പ്രാഥമിക അന്വേഷണം - റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സതീഷ്കമാർ പി.(PEN-683603)-യ്ക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1582/2026/LSGD തീയതി,തിരുവനന്തപുരം, 21-08-2026

---

പരാമർശം:-

1. വിജിലൻസ് (എഫ്) വകുപ്പിന്റെ 03.06.2023-ലെ വിജി-എഫ്1/138/2023-വിജി നമ്പർ കത്ത്.
2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.03.2023-ലെ E15-(PE-8/2021/MPM) 14549/2020/DVACB നമ്പർ കത്ത്
3. 03.07.2023-ലെ EWA2/37/2023-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണപത്രിക.
4. റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സതീഷ്കമാർ പി. 11.08.2023 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 01.07.2025-ലെ LSGD/PD/41931/2023-VIGD3 നമ്പർ കത്ത്.
6. സ.ഉ. (സാധാ) നം. 2460/2025/LSGD തീയതി 08.10.2025
7. മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26.12.2025, 07.03.2026 തീയതികളിലെ LSGD/2935/2025-EEDB3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം നിലമ്പൂർ നഗരസഭയിലെ 181/1, 186/1-ന്റെ തുടർച്ചയായ 186/2 സർവ്വെ നമ്പറുകളിലെ വാണിജ്യകെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ PE-8/2021/MPM നമ്പറായി ഒരു പ്രാഥമിക അന്വേഷണം നടത്തിയതിന്റെ റിപ്പോർട്ട് പരാമർശം (1), (2) പ്രകാരം വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു:-

i. സർവ്വെ നമ്പർ 181/1-ൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള പടിഞ്ഞാറേ വീട്ടിൽ നാരായണൻകുട്ടി എന്നയാളുടെ ഉടമസ്ഥതയിലുള്ള 30 സെന്റ് സ്ഥലത്തിൽ RDO യുടെ ഉത്തരവ് പ്രകാരം ഗൃഹനിർമ്മാണ ആവശ്യത്തിന് മാത്രം 10 സെന്റ് നികത്താൻ അനുമതി നൽകിയ സ്ഥലത്ത് വേണ്ടത്ര പരിശോധന നടത്താതെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതുവഴി വെള്ളക്കെട്ടുള്ളതും ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതുമായ സ്ഥലം നികത്താനും വാണിജ്യ കെട്ടിടം നിർമ്മിക്കാനും ഇടയായിട്ടുണ്ട്.
ii. സർവ്വെനമ്പർ 186/1-ൽപ്പെട്ട വെള്ളക്കെട്ട് നിറഞ്ഞ സ്ഥലത്തിനോട് ചേർന്നതും ആയതിന്റെ തുടർച്ചയായ സർവ്വേ നമ്പർ 186/2 ഉൾപ്പെട്ട സ്ഥലത്തിന്റെ കൈവശാവകാശരേഖയ്ക്കായുള്ള അപേക്ഷ സമർപ്പിക്കുന്ന സമയം ആയത് സംബന്ധിച്ച് വില്ലേജിൽ സൂക്ഷിക്കുന്ന ആധികാരിക രേഖകൾ പരിശോധിക്കുകയോ, മേൽ സ്ഥലം നേരിൽ പരിശോധിക്കുകയോ ചെയ്യാതെ അപേക്ഷിച്ച് അന്നേ ദിവസം തന്നെ Dry Land എന്ന് വസ്തുവിന്റെ തരം കാണിച്ച് കൈവശാവകാശ സർട്ടിഫിക്കറ്റ് കൊടുക്കുകയും, കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ ബലത്തിൽ മാത്രം വാണിജ്യകെട്ടിടത്തിന് അനുമതി നൽകുകയും ചെയ്തു.
iii. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2017 വകുപ്പ് 2 ഉപവകുപ്പ് 18 പ്രകാരം സംരക്ഷിക്കേണ്ടതായ സ്ഥലത്ത് വാണിജ്യ കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകിയത്വഴി പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കി.

**2.** തുടർന്ന്, വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതനായ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സതീഷ്കുമാർ പി.-യ്ക്കെതിരെ പരാമർശം (3) കുറ്റപത്രം നൽകി. കുറ്റാരോപിതൻ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന സമർപ്പിച്ച പരാമർശം (4) പ്രതിവാദപത്രികയിൽ ഉന്നയിച്ചിരിക്കുന്ന വാദങ്ങൾ ചുവടെ ചേർക്കുന്നു:-

i. നിലമ്പൂർ വില്ലേജിൽ സർവ്വേ നമ്പർ 285, റീസർവ്വെ നമ്പർ 92/181/1 ൽ ഉൾപ്പെട്ട 10 സെന്റ് ഭൂമിയിൽ വാണിജ്യ കെട്ടിടനിർമ്മാണത്തിന് ശ്രീ. നാരായണൻ കുട്ടി നൽകിയ അപേക്ഷ പരിശോധിച്ചതിൽ, മേൽ ഭൂമിയിൽ 11/983J നമ്പറിൽ സർവ്വീസ്സ്റ്റേഷൻ ഉൾപ്പെടെ പ്രവർത്തിച്ചിരുന്ന വാണിജ്യകെട്ടിടം നിലവിലുള്ളതായും വർഷങ്ങൾക്ക് മുൻപ് തന്നെ സ്ഥലം തരംമാറ്റം ചെയ്തിട്ടുള്ളതായും ബോധ്യപ്പെട്ടിട്ടുള്ളതാണ്. സ്ഥലം തരംമാറ്റുന്നതിനുള്ള പെരിന്തൽമണ്ണ അസിസ്റ്റന്റ് കലക്ടറുടെ 04.10.1991-ലെ ഉത്തരവ്, നിലവിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർവ്വീസ്സ്റ്റേഷൻ വിപുലീകരണത്തിനായി നിലമ്പൂർ ഗ്രാമപഞ്ചായത്തിൽ നിന്ന് (നിലവിൽ നിലമ്പൂർ നഗരസഭ) ലഭ്യമാക്കിയ 17.06.2004-ലെ നിർമ്മാണപെർമിറ്റ്, മേൽകെട്ടിടത്തിൽ സർവ്വീസ് സ്റ്റേഷൻ നടത്തുന്നതിന് ശ്രീമതി അജിത കെ.വി. എന്നയാളുടെ പേരിൽ നിലമ്പൂർ നഗരസഭയിൽ 16.03.2011-ൽ ഫീസ് അടവാക്കിയതിന്റെ രേഖകൾ എന്നിവ സ്ഥലമുടമ ലഭ്യമാക്കിയിരുന്നു. ഗ്രാമപഞ്ചായത്ത് അനുവദിച്ച പെർമിറ്റ് പ്ലാൻ പ്രകാരം നഗരസഭ പെർമിറ്റ് അനുവദിച്ച സ്ഥലവും പ്രസ്തുത സ്ഥലവും ഒന്നുതന്നെയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. 92/181/1-ൽ ഉൾപ്പെട്ട സ്ഥലം 2008-ന് മുമ്പ് തരംമാറ്റപ്പെട്ടിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടതിന്റേയും മേൽ സ്ഥലത്ത് നിലവിൽ വാണിജ്യകെട്ടിടം ഉള്ളതിനാലും മേൽകെട്ടിടം പൊളിച്ചുനീക്കി കെട്ടിടം

നിർമ്മിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചത് എന്നതിനാലുമാണ് അപേക്ഷ പരിഗണിച്ചിട്ടുള്ളത്. മുനിസിപ്പൽ സെക്രട്ടറി മേൽവിഷയം പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ കെട്ടിടമുള്ള സ്ഥലമായതിനാൽ മേൽകെട്ടിടം പൊളിച്ചു നീക്കി പ്രസ്തുത സ്ഥലത്ത് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി കെട്ടിട നിർമ്മാണാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്.

ii. നിലമ്പൂർ വില്ലേജിൽ റീസർവ്വെ നമ്പർ 92/186/2-ൽ ഉൾപ്പെട്ട സ്ഥലത്ത് വാണിജ്യകെട്ടിട നിർമ്മാണത്തിനായി 24.02.2015-ൽ ലഭിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ ആധാരങ്ങൾ, വില്ലേജ് ഓഫീസറുടെ 12.02.2015-ലെ കൈവശസർട്ടിഫിക്കറ്റ് എന്നിവ പ്രകാരം പ്രസ്തുത സ്ഥലം “പറമ്പ്" (Dryland) എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാലും ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ (മുനിസിപ്പൽ എഞ്ചിനീയർ) എന്നിവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും 12.06.2015-ൽ നഗരസഭാ സെക്രട്ടറി കെട്ടിടനിർമ്മാണപെർമിറ്റ് അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ, പ്രസ്തുത സ്ഥലം “നിലം" വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്നും വില്ലേജ് ഓഫീസിൽ നിന്ന് സർട്ടിഫിക്കറ്റ് നൽകിയതിൽ വീഴ്ച് സംഭവിച്ചിട്ടുണ്ടെന്നും നിർമ്മാണം നിർത്തിവെക്കണമെന്നും നിലമ്പൂർ വില്ലേജ് ഓഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 03.02.2016-ൽ നഗരസഭാ സെക്രട്ടറി നിർമ്മാണം നിർത്തിവെക്കുന്നതിന് അറിയിപ്പ് നൽകി. പ്രസ്തുത കാലയളവിൽ നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചിരുന്നതാണ്. തുടർന്ന് കക്ഷി ബഹു. ഹൈക്കോടതിയെ സമീപിക്കുകയും മലപ്പുറം ജില്ലാ കലക്ടറോട് തരംമാറ്റം സംബന്ധിച്ച് തുടർനടപടി സ്വീകരിക്കാൻ ബഹു. ഹൈക്കോടതി ഉത്തരവായി. 09.11.2017-ൽ കുറ്റാരോപിതന് നിലമ്പൂർ നഗരസഭയിൽ നിന്ന് ഉദ്യോഗകയറ്റം ലഭിച്ച് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളതുമാണ് എന്ന് അറിയിച്ചിരിക്കുന്നു.

iii. മേൽ രണ്ട് കെട്ടിടനിർമ്മാണ പെർമിറ്റുകളും അനുവദിച്ചിട്ടുള്ളത് (2015, 2016) 2017 കേരള നെൽവയൽ തണ്ണീർത്തടസംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുൻപായിരുന്നുവെന്ന് കുറ്റാരോപിതൻ ബോധിപ്പിച്ചിരിക്കുന്നു.

3. മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സതീഷ്കുമാർ പി. സമർപ്പിച്ച പ്രതിവാദപത്രികയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ അഭിപ്രായം ഇപ്രകാരണമാണ്:-

i. റീ സർവ്വെ 92/181/1 സ്ഥലം 1991-ൽ തരംമാറ്റപ്പെട്ടിട്ടുള്ളതും 2004-ന് മുമ്പ് മേൽസ്ഥലത്ത് കെട്ടിടം ഉള്ളതായും കേരള തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രാബല്യത്തിൽ വരുന്നതിനു മുൻപുതന്നെ പ്രസ്തുത ഭൂമി തരംമാറ്റിയിട്ടുള്ളതും കെട്ടിടം നിർമ്മിച്ചിട്ടുള്ളതുമാണ് എന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സതിഷ് കുമാർ പി. യുടെ വാദം വസ്തുനിഷ്ഠവും ശരിയുമാണെന്ന് പരിശോധനയിൽ കണ്ടെത്താൻ സാധിച്ചു. നിലമ്പൂർ നഗരമദ്ധ്യത്തിലുള്ള പ്രസ്തുതസ്ഥലത്തിന് സമീപത്തുള്ള സ്ഥലങ്ങളിലൊന്നുംതന്നെ കാലാകാലങ്ങളായി യാതൊരുവിധ കാർഷികപ്രവൃത്തികളും നടന്നു വരുന്നില്ല എന്ന് പരിശോധനയിലും അന്വേഷണത്തിലും

ബോധ്യമായിട്ടുണ്ട്.

ii. റീസർവ്വെ നമ്പർ 92/186/2-ൽ ഉൾപ്പെട്ട സ്ഥലത്ത് നിലമ്പൂർ നഗരസഭാ സെക്രട്ടറി കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചത് നിയമാനുസൃതമുള്ള രേഖകളുടെ പിൻബലത്തിലും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പാലിച്ചും ആണെന്ന് കാണുന്നു. മേൽസ്ഥലത്ത് രണ്ടുനിലകളുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം 2018-ൽ കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളതുമാണ്. മേൽസ്ഥലം "നിലം" വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്ന് വില്ലേജ് ഓഫീസിൽ നിന്ന് 25.01.2016ൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 03.02.2016-ൽ നഗരസഭാ സെക്രട്ടറി നിർമ്മാണ പ്രവൃത്തികൾ നിർത്തിവെക്കുന്നതിന് ഉടമക്ക് അറിയിപ്പ് നൽകിയിട്ടുള്ളതും വില്ലേജ് ഓഫീസിൽ നിന്ന് സർട്ടിഫിക്കറ്റ് നൽകിയതിൽ വീഴ്ച് സംഭവിച്ചതാണെന്ന് വില്ലേജ് ഓഫീസർ അംഗീകരിച്ചിട്ടുള്ളതാണ് എന്നും പ്രസ്തുത വിഷയത്തിൽ നടത്തിയ അന്വേഷണത്തിൽ നഗരസഭാ എഞ്ചിനീയറുടെ ഭാഗത്ത് തെറ്റ് സംഭവിച്ചതായി കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതും വില്ലേജ് ഓഫീസറുടെ ആധികാരിക രേഖകളിൽ സംഭവിച്ച പിഴവാണെന്ന് ബോധ്യപ്പെടുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരിക്കുന്നു.

4. അപ്രകാരമായിരിക്കെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സതീഷ്കുമാർ പി. (PEN-683603) 30.04.2025-ൽ സേവനത്തിൽ നിന്ന് വിരമിച്ചതിനെത്തുടർന്ന് ടിയാൾക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടി, കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരം തുടരുകയും പരാമർശം (6) പ്രകാരം മേൽവിഷയത്തിൽ ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തു. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ പരാമർശം (7) പ്രകാരം ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

i. നിലമ്പൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് നല്കിയതിനുള്ള രേഖകൾ പരിശോധിച്ചതിൽ, തരംമാറ്റം, കെട്ടിടനിർമ്മാണം എന്നിവ 2008-ലെ തണ്ണീർത്തട നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് നടപ്പാക്കിയിട്ടുള്ളതും പ്രസ്തുത രേഖകളുടെയും സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിലാണ് 22.08.2015-ലെ E2-BA(995)/2016 നമ്പർ അനുവദിച്ചിട്ടുള്ളതെന്നും മനസിലാക്കുന്നു. മേൽ പരിശോധനകളുടെ അടിസ്ഥാനത്തിൽ നഗരസഭ മുനിസിപ്പൽ എഞ്ചിനീയറായിരുന്ന ശ്രീ. സതീഷ് കുമാർ പി., തരംമാറ്റിയിരുന്ന ഭൂമി ഡാറ്റ ബാങ്കിൽ Wetland ആയി തുടരുന്നത് പരിഗണിക്കാതെ പെർമിറ്റിന് ശിപാർശ ചെയ്തതിൽ ശ്രദ്ധക്കുറവ് സംഭവിച്ചതായി കാണുന്നു. പെർമിറ്റ് അനുവദിക്കുന്ന സമയത്ത് കരട് ഡാറ്റാ ബാങ്ക് മാത്രമാണ് നിലവിലുണ്ടായിരുന്നത് എന്ന് പരിഗണിക്കാവുന്നതാണ്.

ii. റീസർവ്വെ നമ്പർ 92/186/2-ൽ ഉൾപ്പെട്ട സ്ഥലം നേരിട്ട് പരിശോധിച്ചതിൽ, ടി സ്ഥലത്ത് രണ്ടു നിലകളോടുകൂടിയ വാണിജ്യ കെട്ടിടം നിർമ്മിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. വാണിജ്യ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച ഫയൽ

പരിശോധിച്ചതിൽ, ആധാരം, കൈവശ സർട്ടിഫിക്കറ്റുകൾ എന്നിവയിൽ സ്ഥലത്തിന്റെ തരം 'പുരയിടം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മേൽരേഖകൾ പ്രകാരവും, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചും നഗരസഭ അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റിൽ അപാകതകൾ ഉള്ളതായി കാണുന്നില്ല. മേൽസ്ഥലം "നിലം" വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്ന് വില്ലേജ് ഓഫീസിൽ നിന്ന് 25.01.2016-ൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 03.02.2016-ൽ നഗരസഭാ സെക്രട്ടറി നിർമ്മാണ പ്രവൃത്തികൾ നിർത്തിവെക്കുന്നതിന് ഉടമയ്ക്ക് അറിയിപ്പ് നൽകുകയും തുടർനടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയറായിരുന്ന ശ്രീ സതീഷ് കുമാർ പി. 09-.11.2017-ൽ നിലമ്പൂർ നഗരസഭയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച് സ്ഥലംമാറിപ്പോയതിനുശേഷം, മേൽ വിഷയത്തിൽ WP(C)No.8724/2017 കേസിലെ ബഹു. ഹൈക്കോടതിയുടെ 01.11.2018-ലെ ഉത്തരവ് പ്രകാരം പ്രസ്തുത കെട്ടിടത്തിന് നഗരസഭ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. നടത്തിയ പരിശോധനകളിൽ നഗരസഭാ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച്ചകളൊന്നും കണ്ടെത്താനായിട്ടില്ലാത്തതും ഈ പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം വില്ലേജ് ഓഫീസറുടെ ഭാഗത്തുനിന്ന് സംഭവിച്ച പിശകാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

iii. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം നിലവിൽ വന്നത് 2017-ലാണ്. എന്നാൽ ബന്ധപ്പെട്ട കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിച്ചത് 2015, 2016 വർഷങ്ങളിലാണ്. ആയതിനാൽ ടി ആരോപണം സാങ്കേതികമായി നിലനിൽക്കുന്നതല്ല.

5 . തുടർന്ന്, നടപടിക്രമങ്ങളുടെ ഭാഗമായി റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സതീഷ്കമാർ പി.-യെ അണ്ടർ സെക്രട്ടറി 01.04.2026-ൽ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിങ്ങിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

i. കുറ്റാരോപണം 1 സംബന്ധിച്ച് പ്രതിവാദപത്രികയിലെ വാദങ്ങൾ തന്നെയാണ് കുറ്റാരോപിതൻ ഹിയറിങ് വേളയിലും ഉന്നയിച്ചിരിക്കുന്നത്. ടിയാന്റെ വാദങ്ങൾ വസ്തുനിഷ്ഠവും ശരിയുമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഔപചാരിക അന്വേഷണ റിപ്പോർട്ടിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ടി ഭൂമി ഡാറ്റാബാങ്കിൽ Wetland ആയി തുടരുന്നത് പരിശോധിയ്ക്കാതെ പെർമിറ്റ് അനുവദിയ്ക്കുവാൻ ശിപാർശ ചെയ്തതിൽ കുറ്റാരോപിതന് ശ്രദ്ധക്കുറവ് സംഭവിച്ചതായി അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് നിലനിന്നിരുന്ന പഴയ വാണിജ്യകെട്ടിടം പൊളിച്ച് പുതിയത് നിർമ്മിയ്ക്കുന്നതിലേയ്ക്കായുള്ള പെർമിറ്റിനുള്ള അപേക്ഷയായതിനാൽ ആണ് നിലവിൽ കെട്ടിടമുള്ള സ്ഥലമാണെന്നുള്ള കാര്യങ്ങൾ ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തി താൻ നഗരസഭ സെക്രട്ടറിയ്ക്ക് സമർപ്പിച്ചതെന്നും തുടർന്ന് സെക്രട്ടറി കെട്ടിടനിർമ്മാണത്തിന് അനുവാദം നൽകിയതെന്നും പഴയ കെട്ടിടത്തിന്റെ ലേഔട്ടിന് ടൗൺ പ്ലാനറുടെ അംഗീകാരം ലഭിച്ചതിന്റെ രേഖയുമൊക്കെ ടിയാൻ പരിശോധിച്ചിരുന്നതായും ഹിയറിംഗിൽ കുറ്റാരോപിതൻ ബന്ധപ്പെട്ട ഫയലിന്റെ രേഖ സഹിതം അറിയിച്ചിരുന്നു. കൂടാതെ, ടിയാൻ വളരെ വർഷങ്ങൾ ടി

ഓഫീസിൽ ജോലി ചെയ്തിരുന്നതായും ആകയാൽ ടി പ്രദേശങ്ങൾ വഴി യാത്ര ചെയ്തിട്ടുള്ളതിനാലും പല ഔദ്യോഗിക ആവശ്യങ്ങൾക്കും ടി പ്രദേശത്തുകൂടി സഞ്ചരിച്ചിരുന്നതിനാലും ടി സ്ഥലം ടിയാന് ചിരപരിചിതമാണെന്നും നിരവധി കെട്ടിടങ്ങൾ ടി സ്ഥലത്തിനോട് ചേർന്ന് സ്ഥിതി ചെയ്തിരുന്നതുമൊക്ക കണക്കിലെടുത്താണ് മേൽ പരാമർശിച്ച പ്രകാരം ശിപാർശ ചെയ്തത് എന്നും ടിയാൻ ഹിയറിംഗിൽ അറിയിച്ചിരുന്നു. ഇക്കാര്യങ്ങൾ പരിഗണിയ്ക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ നിന്ന് ഹിയറിംഗിൽ പങ്കെടുത്ത ഉദ്യോഗസ്ഥരും അഭിപ്രായപ്പെട്ടിരുന്നു. ആകയാൽ ടി കുറ്റവുമായി ബന്ധപ്പെട്ട് ടിയാന്റെ വാദങ്ങൾ അംഗീകരിയ്ക്കാവുന്നതാണ്.

ii. കുറ്റാരോപണം 2 സംബന്ധിച്ച് പ്രതിവാദപത്രികയിലെ വാദങ്ങൾ തന്നെയാണ് കുറ്റാരോപിതൻ ഹിയറിങ് വേളയിലും ഉന്നയിച്ചിരിക്കുന്നത്. മേൽസ്ഥലത്ത് നിലമ്പൂർ നഗരസഭാ സെക്രട്ടറി കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചത് നിയമാനുസൃതമുള്ള രേഖകളുടെ പിൻബലത്തിലും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചും ആണെന്ന് കാണുന്നുവെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ, മേൽസ്ഥലത്ത് രണ്ടു നിലകളുള്ള കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം 2018-ൽ കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളതാണെന്നും മേൽസ്ഥലം "നിലം" വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്ന് വില്ലേജ് ഓഫീസിൽ നിന്ന് 25.01.2016-ൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 03.02.2016-ൽ നഗരസഭാ സെക്രട്ടറി നിർമ്മാണപ്രവൃത്തികൾ നിർത്തിവെക്കുന്നതിന് ഉടമയ്ക്ക് അറിയിപ്പ് നൽകിയിട്ടുള്ളതും വില്ലേജ്ഓഫീസിൽ നിന്ന് സർട്ടിഫിക്കറ്റ് നൽകിയതിൽ വീഴ്ച് സംഭവിച്ചതാണെന്ന് വില്ലേജ് ഓഫീസർ അംഗീകരിച്ചിട്ടുള്ളതാണ് എന്നും പ്രസ്തുത വിഷയത്തിൽ നടത്തിയ അന്വേഷണത്തിൽ നഗരസഭാ എഞ്ചിനീയറുടെ ഭാഗത്ത് തെറ്റ് സംഭവിച്ചതായി കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതും വില്ലേജ് ഓഫീസറുടെ ആധികാരിക രേഖകളിൽ സംഭവിച്ച പിഴവാണെന്ന് ബോധ്യപ്പെടുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും ഇക്കാര്യം വ്യക്തമാകുന്നുണ്ട്. കൂടാതെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറായി കുറ്റാരോപിതന് സ്ഥാനക്കയറ്റം ലഭിച്ചതിനാൽ 09.11.2017-ൽ തന്നെ പ്രസ്തുത ഓഫീസിലെ ചുമതലകളിൽ നിന്നും കുറ്റാരോപിതനെ വിടുതൽ ചെയ്തിരുന്നുവെന്ന കാര്യവും മേൽ കോടതി ഉത്തരവും തുടർന്നുള്ള നടപടികളെല്ലാം 2018-ൽ ആയിരുന്നു സംഭവിച്ചത് എന്ന കാര്യവും കൂടി പരിഗണിയ്ക്കുമ്പോൾ യാതൊരു കാരണത്താലും ടി കുറ്റം റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സതീഷ്കുമാർ പി.-യുടെ പേരിൽ നിലനിൽക്കുന്നതല്ല എന്ന് കാണുന്നു.

iii. കുറ്റാരോപണം 3 സംബന്ധിച്ച് പ്രതിവാദപത്രികയിലെ വാദങ്ങൾ തന്നെയാണ് കുറ്റാരോപിതൻ ഹിയറിങ് വേളയിലും ഉന്നയിച്ചിരിക്കുന്നത്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം നിലവിൽ വന്നത് 2017-ലാണ്. ആദ്യ കുറ്റത്തിന് ആധാരമായ കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചത് 2017-ന് മുൻപേ ആണെന്നാണ് ബന്ധപ്പെട്ട ഫയലിന്റെ രേഖയിൽ നിന്ന് വെളിവാകുന്നത്.

രണ്ടാമത്തെ കുറ്റവുമായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ അനുമതി, ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ തെറ്റായ രേഖയുടെ അടിസ്ഥാനത്തിലാണ് കുറ്റാരോപിതന്റെ കാലത്ത് അനുവദിച്ചതെന്നും പിന്നീട് ഇത് ബോധ്യമായപ്പോൾ സ്റ്റോപ്പ് മെമ്മോ നൽകി നിർമ്മാണം നിർത്തിവയ്ക്കുകയും പിന്നീട് ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് അനുവദിയ്ക്കുകയുമായിരുന്നു. എന്നാൽ, പ്രസ്തുത ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ ചുമതലയിൽ നിന്ന് കുറ്റാരോപിതൻ അപ്പോഴേയ്ക്കും വിടുതൽ ചെയ്യതിനാൽ ടിയാന്റെ പേരിൽ ടി കുറ്റം യാതൊരു കാരണവശാലും നിലനിൽക്കില്ല എന്നതിനാൽ സ്വാഭാവികമായും 3-ാം കുറ്റാരോപണവും കുറ്റാരോപിതന്റെ പേരിൽ നിലനിൽക്കില്ല.

6. കുറ്റാരോപിതന്റെ പ്രതിവാദപത്രിക, ആയതിന്മേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്, ഔപചാരിക അന്വേഷണ റിപ്പോർട്ട്, ഹിയറിംഗ് വേളയിൽ കുറ്റാരോപിതൻ ഉന്നയിച്ച വാദങ്ങൾ, അനുബന്ധ രേഖകൾ എന്നിവയെല്ലാം സർക്കാർ വിശദമായി പരിശോധിച്ചതിൽ, റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സതീഷ്കുമാർ പി.-ക്ക് ശിക്ഷ നൽകുന്നതിന് പര്യാപ്തമായ യാതൊരു കുറ്റങ്ങളും ടിയാന്റെ പേരിൽ നിലനിൽക്കുന്നില്ല എന്ന് ബോധ്യപ്പെടുന്നു.

7. മേൽസാഹചര്യത്തിൽ, മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയിലെ 181/1, 186/1-ന്റെ തുടർച്ചയായ 186/2 സർവ്വെ നമ്പറുകളിലെ വാണിജ്യകെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് PE-8/2021/MPM നമ്പറായി വിജിലൻസ് നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സതീഷ്കുമാർ പി.(PEN-683603)-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കുറ്റപത്രം നൽകി ആരംഭിച്ചതും ടിയാൾ 30.04.2025-ൽ സേവനത്തിൽ നിന്ന് വിരമിച്ചതിനെത്തുടർന്ന് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 3(a) പ്രകാരം തുടർന്നുവരുന്നതുമായ അച്ചടക്കനടപടിയിലെ തുടർനടപടിയിൽ നിന്ന് ടിയാളെ ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

1. ശ്രീ. സതീഷ്കുമാർ പി. (PEN-683603), റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് (അറിവിലേക്കായി)
5. വിജിലൻസ് (എഫ്) വകുപ്പ് (18.05.2026-ലെ VIG-F1/138/2023-VIG പ്രകാരം)

6. വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
7. സ്റ്റോക്ക് ഫയൽ (EWA2/37/2023-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Dileep D
Date: 22-08-2026
16:26:11

സെക്ഷൻ ഓഫീസർ